"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ആകാശ് രവി - യ്ക്കെതിരെയുള്ള അച്ചടക്ക നടപടി - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.755/2025/GAD തീയതി,തിരുവനന്തപുരം, 19-02-2025

---

പരാമർശം:-

1. 09.12.2024 - ലെ സ.ഉ. (സാധാ) നം. 5429/2024/പൊ.ഭ.വ.
2. 28.12.2024 - ലെ സ്പെഷ്യൽ-ഇ2/231/2024/പൊ.ഭ.വ. നമ്പർ കുറ്റാരോപണ മെമ്മോയും പത്രികയും.
3. നിയമ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ആകാശ് രവിയുടെ 16.01.2025 - ലെ കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടി

**ഉത്തരവ്**

ബഹു. മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ നോട്ടീസ് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച അച്ചടക്ക നടപടിക്രമങ്ങളിൽ അന്വേഷണ അധികാരിയായിരുന്ന പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയായ ശ്രീ. ജി. ഹരികുമാറിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചതിന്റെ പേരിൽ ശ്രീ. ആകാശ് രവിയെ പരാമർശം (1) പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. തുടർന്ന് അച്ചടക്ക നടപടിക്രമങ്ങളുടെ ഭാഗമായി ടിയാന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. പാരമർശം (3) പ്രകാരം ടിയാൾ എതിർവാദ പത്രികയും സമർപ്പിക്കുകയുണ്ടായി.

2) എതിർവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ, ശ്രീ. ആകാശ് രവിക്കെതിരെ KCS (CCA) Rules 1960 ചട്ടം 15 -ലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചട്ടപ്രകാരമുള്ള അന്വേഷണ അധികാരിയായി പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. ദിലിപ് സി ഡി - യെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അന്വേഷണ അധികാരി രണ്ട് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ശ്രീ. ദിലീപ് സി ഡി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
ശ്രീ. ആകാശ് രവി, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)

നിയമ വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 19-02-2025 11:03:28
സെക്ഷൻ ഓഫീസർ